LIBRARY ARCHIVES Kerala Legislative Assembly

സഹകരണ ബാങ്കുകൾക്ക് സർക്കാർ ഓഹരി

81 (2319) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകൾക്ക് സർക്കാർ ഓഹരി അനുവദിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) എത്ര രൂപയാണ് പ്രസ്തുത ഇനത്തിൽ അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ഡി) ഏതെല്ലാം തരം ബാങ്കുകൾക്കാണ് ഓഹരി അനുവദിച്ചിട്ടുള്ളത്, വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സഹകരണ ബാങ്കുകളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തി കാർഷിക, കാർഷികേതര വായ്പ നൽകുവാൻ ബാങ്കുകളെ സഹായിക്കുകയും ടി ബാങ്കുകളുടെ കടം വാങ്ങുന്നതിനുള്ള കഴിവ് ഉയർത്തുകയുമാണ് ഇതിലൂടെ പ്രധാനമായും ഉദ്ദേശിച്ചിട്ടുള്ളത്.

(സി) 2013-14 വർഷം 1741.443 ലക്ഷം രൂപ വിവിധ പദ്ധതികളിലായി ഓഹരിയിനത്തിൽ അനുവദിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് സർക്കാർ ഓഹരിയായി ധനസഹായം നൽകിയിട്ടുണ്ട്.

കർഷക സേവന കേന്ദ്രങ്ങൾ

82 (2320) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കർഷക സേവന കേന്ദ്രങ്ങൾ രൂപീകരിക്കുവാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) കർഷക സേവന കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതികളും എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) കാർഷിക ഉല്പാദനം വർദ്ധിപ്പിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) കർഷക സേവന കേന്ദ്രങ്ങളുടെ രൂപീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) രൂപീകരിച്ചിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ 14 ജില്ലകളിലെ തെരഞ്ഞെടുത്ത 40 ബ്ലോക്കുകളിലായി 40 സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിലും 2013-14 വർഷത്തിൽ 20 ബ്ലോക്കുകളിലെ 20 സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിലും കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിലെ കാർഷിക പ്രവർത്തനങ്ങൾ ബ്ലോക്കുതലത്തിൽ ഏകോപിപ്പിക്കുക, കർഷകർക്ക് ഗുണമേന്മയുള്ള വിത്ത്, വളം, കീടനാശിനി എന്നിവ ലഭ്യമാക്കുക, കർഷകർക്ക് ആവശ്യമായ ആധുനിക കാർഷികോപകരണങ്ങളുടെ സേവനം ലഭ്യമാക്കുക, ആധുനിക ശാസ്ത്രീയ കൃഷിരീതികളിൽ കർഷകർക്ക് പരിശീലനം നൽകുക, ആയതിനായി യുവജനക്ഷേമ വകുപ്പുമായി ചേർന്ന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, കാർഷിക വിളകളുടെ ഉത്പാദന സംഭരണ വിതരണ പ്രവർത്തനങ്ങൾക്ക് മികച്ച സംവിധാനങ്ങൾ ഏർപ്പെടുത്തുക, നബാർഡ്, എൻ.സി.ഡി.സി., സംസ്ഥാന ഹോർട്ടി കൾച്ചർ മിഷൻ എന്നീ സ്ഥാപനങ്ങളുമായി യോജിച്ച് കർഷകർക്ക് ധനസഹായം ലഭ്യമാക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. ഓരോ പഞ്ചായത്തിലും സാങ്കേതിക പരിജ്ഞാനം ലഭിച്ച യുവാക്കൾ, വിദ്യാർത്ഥികൾ, സ്ത്രീകൾ, കാർഷിക ബിരുദ/ഡിപ്ലോമ യോഗ്യതയുള്ളവർ, കൃഷി വകുപ്പിലെ വിരമിച്ച ഉദ്യോഗസ്ഥർ തുടങ്ങി കാർഷിക പരിജ്ഞാനമുള്ളവരുടെ ഒരു കൂട്ടായ്മ രൂപീകരിക്കുക, കാർഷിക സർവ്വകലാശാല, കാർഷിക ഉപകരണ നിർമ്മാണ കമ്പനികൾ തുടങ്ങിയവയുടെ നേതൃത്വത്തിൽ പരിശീലനം നൽകുക, ഓരോ സെന്ററിലും സാങ്കേതിക വൈദഗ്ധ്യം നേടിയ 5 പേർ ഉൾപ്പെടുന്ന 25 അംഗങ്ങളുള്ള തൊഴിൽ സേന രൂപീകരിക്കുക, കാർഷിക സർവ്വകലാശാല, റെയ്ഡ്കോ തുടങ്ങിയവയുടെ സഹായത്തോടെ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(സി) കർഷകർക്കാവശ്യമുള്ള ഗുണമേന്മയുള്ള വിത്ത്, വളം, കീടനാശിനി എന്നിവ ലഭ്യമാക്കുന്നതിലൂടെയും കൃഷിക്കനുയോജ്യമായ എല്ലാ കാർഷിക യന്ത്രങ്ങളുടെയും സേവനം ലഭ്യമാക്കുന്നതിലൂടെയും കർഷകന് വേണ്ട എല്ലാ കാർഷിക സേവനങ്ങളും ആവശ്യാനുസരണം ലഭ്യമാക്കുന്നതിലൂടെയും കാർഷിക ഉൽപ്പന്നങ്ങൾ ഫലപ്രദമായി സൂക്ഷിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്നതു വഴി മികച്ച ആദായം ലഭ്യമാക്കുന്നതിനും വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കുന്ന കാർഷിക പ്രവർത്തനങ്ങൾ/പദ്ധതികൾ എന്നിവ ഏകോപിപ്പിച്ച് നടത്തുന്നതു വഴിയും കർഷകർക്ക് ആവശ്യമായ സാങ്കേതിക പരിശീലനം ലഭ്യമാക്കുന്നതു വഴിയും കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ എല്ലാ പ്രവർത്തനങ്ങളും നടത്തുന്നതിലൂടെയും കാർഷിക ഉൽപ്പാദനം ഉയർത്തുവാൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ട്.

(ഡി) 2012-13 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 40 സഹകരണ സംഘങ്ങൾ മുഖേന ആദ്യഘട്ടമായി 40 ഫാർമേഴ്സ് സർവ്വീസ് സെന്ററുകളും 2013-14-ൽ രണ്ടാം ഘട്ടമായി 20 സഹകരണ സംഘങ്ങളിൽ 20 ഫാർമേഴ്സ് സർവ്വീസ് സെന്ററുകളുമടക്കം ആകെ 60 ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ അനുവദിച്ചു നൽകുകയുണ്ടായി. 2012-13, 2013-14 കാലയളവിൽ അനുവദിച്ച കർഷക സേവന കേന്ദ്രങ്ങളിൽ 5 എണ്ണം ഒഴികെ മറ്റുള്ളവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവരെ വായ്പാകുടിശിക തിരിച്ചടവിൽ നിന്നും ഒഴിവാക്കൽ

83 (2321) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്തിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവരെ വായ്പാ കുടിശിക തിരിച്ചടവിൽ നിന്നും ഒഴിവാക്കുന്ന പദ്ധതി നിലവിലുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതി നിലവിലില്ലെങ്കിൽ പട്ടികവിഭാഗത്തിൽപ്പെട്ടവർക്ക് പരമാവധി പ്രയോജനം ചെയ്യുന്നവിധം ആയത് നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും വായ്പയെടുത്തിട്ടുള്ള പട്ടികജാതിക്കാർക്ക് കടാശ്വാസം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly